SREE THRICHERUMANNA ALIAS SREE

# KOTTIYOOR DEVASWOM

**P.O. KOTTIYOOR-670651. KANNUR DIST.**

web site-:www.kottiyoor devaswam .com./ kottiyoordevaswom@gmail.com

PH:0490- 2430234, 0490- 2430434



TKD/FEST/16/2025 Date : 15/03/2025

## അപേക്ഷ ക്ഷണിക്കുന്നു

ശ്രീ കൊട്ടിയൂർ മഹാക്ഷേത്രത്തിലെ 2025ാം ആണ്ടത്തെ വൈശാഖ മഹോത്സവകാലത്തെ വിവിധ ജോലികൾക്കായിട്ടുള്ള താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ 25/04/2025ാം തീയ്യതി വെള്ളിയാഴ്ച വൈകുന്നേരം 5 മണി വരെ ദേവസ്വം ഓഫീസിൽ സ്വീകരിക്കുന്നതാണ്. അപേക്ഷകർ ഹിന്ദുമതത്തിൽപെട്ടവരും 01/01/2025 ന് 18 വയസ്സ് പൂർത്തിയായവരും 65 വയസ്സ് കവിയാത്തവരുമായിരിക്കണം. അപേക്ഷയുടെ മാതൃക ദേവസ്വം വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷയോടൊപ്പം വയസ്സും വിദ്യാഭ്യാസ യോഗ്യതയും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്വഭാവസർട്ടിഫിക്കറ്റ്, ആധാർ കാർഡിൻെറ പകർപ്പ്, താമസിക്കുന്ന പൊലീസ് സ്റ്റേഷൻ പരിധിയിലെ പി.സി.സി സർട്ടിഫിക്കറ്റ് എന്നിവയും അടക്കം ചെയ്യേണ്ടതാണ്. ദേവസ്വം നിർദ്ദേശിക്കുന്ന ജോലികൾ സത്യസന്ധമായും, സുതാര്യമായും അച്ചടക്കത്തോടെകൂടിയും ചെയ്യുവാൻ താൽപര്യം ഉള്ളവരും, ഹൈന്ദവാചാരനുഷ്ഠാനങ്ങൾ പാലിക്കാൻ സന്നദ്ധത ഉള്ളവർക്കും അപേക്ഷ സമർപ്പിക്കാം. ഭക്തജനങ്ങളോട് മാന്യമായി പെരുമാറുന്നവരും ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കാത്തവരുമായിരിക്കണം. അച്ചടക്ക ലംഘനം ശ്രദ്ധയിൽപെടുന്ന പക്ഷം ജോലിയിൽ നിന്ന് പിരിച്ച് വിടുന്നതാണ്. വൈശാഖ മഹോത്സവം ജൂലായ് 4 ന് കഴിയുന്ന മുറയ്ക്ക് അറ്റൻഡൻസ് പരിശോധന കഴിഞ്ഞതിന് ശേഷം മാത്രമെ പ്രതിഫലം അനുവദിക്കുകയുള്ളൂ. ഫോട്ടൊ പതിച്ച അപേക്ഷയോടൊപ്പം ഒരു ഫോട്ടോകൂടി ഹാജരാക്കേണ്ടതാണ്. താൽക്കാലിക ജീവനക്കാരായി തിരഞ്ഞെടുക്കുന്നതിനുള്ള കൂടികാഴ്ച മെയ് 10ാം തീയ്യതി രാവിലെ 10 മണി മുതൽ, ദേവസ്വം ഓഫീസിൽ വെച്ച് നടക്കുന്നതാണ്. കൂടികാഴ്ച്ചയിൽ തിരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റ് ദേവസ്വം നോട്ടീസ് ബോർഡിലും, വെബ്സൈറ്റിലും പ്രദർശിപ്പിക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്നവർ ബാങ്ക് പാസ് ബുക്കിൻെറ കോപ്പി ഹാജരാക്കേണ്ടതാണ്. പ്രതിഫലം ബാങ്ക് മുഖേന മാത്രമെ അനുവദിക്കുകയുള്ളൂ. ബാങ്ക് പാസ്സ്ബുക്കിലെ പേര് ഇംഗ്ലീഷിൽ അപേക്ഷയിൽ എഴുതേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ദേവസ്വം ഓഫീസുമായി ബന്ധപ്പെടുക. Web: www.kottiyoordevaswom.com

കൽപനപ്രകാരം

(signature) 17/3/2025

EXECUTIVE OFFICER
SREE KOTTIYOOR DEVASWOM
P. O. KOTTIYOOR - 670 651

## ശ്രീ കൊട്ടിയൂർ ദേവസ്വത്തിൽ 2025 വർഷത്തെ വൈശാഖ മഹോത്സവക്കാലത്ത് താൽക്കാലിക ജീവനക്കാരനായി നിയമിക്കപ്പെടുന്നതിനുള്ള അപേക്ഷ ഫോറം

| | | | | |
|---|---|---|---|---|
| 1 | പേര് | : | | Photo |
| | Name in English (as Bank Pass Book ) | | | |
| 2 | അച്ഛന്റെ പേര് | : | | |
| 3 | വിലാസം | : | | |
| | ഫോൺ നമ്പർ (Whatsapp) | : | 1)<br>2) | |
| 4 | മതം | : | | |
| 5 | ജാതി | : | | |
| 6 | വയസ്സ്, ജനന തീയതി | : | | |
| 7 | വിദ്യാഭ്യാസ യോഗ്യത | : | | |
| 8 | ആധാർ നമ്പർ | : | | |
| 9 | ബാങ്ക് അക്കൗണ്ട് വിവരങ്ങൾ: ബാങ്കിന്റെ പേര്, ബ്രാഞ്ച്, കേരള ഗ്രാമീണബാങ്ക് അക്കൗണ്ട് നമ്പർ, IFSC കോഡ് | : | | |
| 10 | മുൻപരിചയവും ഇപ്പോൾ ചെയ്തുവരുന്ന ജോലിയുടെ വിശദവിവരം | : | | |
| 11 | ഏതു ജോലിക്കാണ് അപേക്ഷിക്കുന്നത് എന്ന വിവരം – ജനറൽ വളണ്ടിയർ, ശുചീകരണം, കുടിവെള്ളം, ഇലക്ട്രിക്കൽ ആൻഡ് പ്ലംബിംഗ്, പാചകക്കാരൻ, വഴിപാട് ക്ലാർക്ക്, കൗണ്ടിംഗ്, പ്രസാദം പാക്കിംഗ് | | | |

അപേക്ഷയോടൊപ്പം, ആധാർകാർഡ് കോപ്പി, 2 പാസ്പോർട്ട് സൈസ് ഫോട്ടോ, താമസിക്കുന്ന സ്ഥലപരിധിയിലുള്ള പോലീസ് സ്റ്റേഷനിൽ നിന്ന് ലഭിക്കുന്ന പി.സി.സി സർട്ടിഫിക്കറ്റ്, കേരള ഗ്രാമീൺ ബാങ്കിന്റെ പാസ്ബുക്കിന്റെ കോപ്പി എന്നിവ നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

അപേക്ഷകന്റെ പേരും ഒപ്പും

### സത്യപ്രസ്താവന

മേൽ ചേർത്ത വിവരങ്ങൾ മുഴുവൻ എന്റെ അറിവിലും വിശ്വാസത്തിലും തികച്ചും സത്യമാണെന്ന് ഈശ്വരനാമത്തിൽ സത്യം ചെയ്ത് ബോധിപ്പിക്കുന്നു.

സ്ഥലം :

തീയതി : 

അപേക്ഷകന്റെ പേരും ഒപ്പും

Sd/- 05/3/2025

EXECUTIVE OFFICER
SREE KOTTIYOOR DEVASWOM
P. O. KOTTIYOOR - 670 651